ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) അതെ.

(ബി) കേരളത്തിൽ.

(സി) 1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാറനുസരിച്ച് മുല്ലപ്പെരിയാർ ഡാമിന്റെ ഉടമസ്ഥതയും നടത്തിപ്പും മേൽനോട്ടവും തമിഴ്നാട് സർക്കാരിനാണ്. എന്നാൽ ജലസംഭരണിയിൽ മത്സ്യബന്ധനം, ബോട്ടിംഗ് മുതലായ കാര്യങ്ങൾ നടത്തുന്നതിനുള്ള അവകാശം കേരളത്തിനാണ് ;

(ഡി&ഇ) 1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാറനുസരിച്ച് ഡാമിന്റെ ഉടമസ്ഥതയും നടത്തിപ്പും മേൽനോട്ടവും തമിഴ്നാട് സർക്കാരിനാണ്. ഈ കരാറിന്റെ കാലാവധി 999 വർഷമാണ്. കരാർ നിലവിലുള്ളതിനാൽ അണയുടെ നിയന്ത്രണം ആവശ്യപ്പെടാൻ സാധിക്കുകയില്ല.

പുഴകളുടെ സംരക്ഷണം

24 (*201) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതമായ മണൽവാരൽ, വ്യവസായ ശാലകളിൽ നിന്നുള്ള മാലിന്യ നിക്ഷേപം എന്നിവയാൽ നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പുഴകളുടെ സംരക്ഷണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിധം നാശത്തിനിടവരുന്ന എത്ര നദികൾ കേരളത്തിലുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേരളത്തിലെ നദികളുടെ സമഗ്ര സംരക്ഷണത്തിനും മണൽവാരൽ നിയന്ത്രണത്തിനുമായി, റവന്യൂവകുപ്പ് പുറപ്പെടുവിച്ച കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 മേയ് 4-ാം തീയതി നിലവിൽ വന്നു. ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജലസേന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറുമായുള്ള ജില്ലാതല വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ ചട്ടങ്ങളിൽ, നദികളിൽ നിന്നും മണൽ വാരുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാതല വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ റവന്യൂ, ആഭ്യന്തര വകുപ്പുകൾ അനധികൃത മണൽവാരൽ തടയാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനുപുറമേ നദീതട സംരക്ഷണ പദ്ധതികളും ജലസംരക്ഷണത്തിനായി തടയണകളുടെ നിർമ്മാണത്തിനുള്ള പദ്ധതികളും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പ്രധാനപ്പെട്ട 10 നദികൾ മാലിന്യവിമുക്തമാക്കാനുള്ള നടപടികൾ ഉൾക്കൊള്ളുന്ന ആക്ഷൻ പ്ലാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 1997-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിൽ പമ്പാ നദിയെ മാലിന്യ വിമുക്തമാക്കാനുള്ള പദ്ധതിക്ക് മാത്രമായി കേന്ദ്രം അംഗീകാരം നൽകുകയും ഒന്നാം ഘട്ടത്തിലെ 18.45 കോടി രൂപയുടെ ചില പ്രവൃത്തികൾക്ക് അനുമതി നൽകുകയും ചെയ്തു പ്രസ്തുത പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

(ബി)സംസ്ഥാനത്ത് ആകെയുള്ള 44 നദികളും മലിനീകരണം മൂലവും അമിതമായ മണൽവാരൽ മൂലവും നാശത്തിന്റെ ഭീഷണിയിലാണ്.

മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

25 (*202) പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) മത്സ്യഫെഡിന്റെ കീഴിൽ എത്ര പ്രൈമറി സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാണ്;

(സി) പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): (എ) മത്സ്യഫെഡിന്റെ പ്രവർത്തനത്തിൽ പല പാളിച്ചകളും സംഭവിച്ചിട്ടുള്ളതായി രജിസ്ട്രാറുടെ വിശദമായ അന്വേഷണത്തിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മത്സ്യഫെഡിന്റെ ഭരണസമിതി 18-12-2004-ൽ പിരിച്ചു വിട്ടു. തെരഞ്ഞെടുപ്പിലൂടെ പുതിയ ഭരണസമിതിയെ അധികാരത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കുടിശ്ശികയായി കിടക്കുന്ന ആഡിറ്റ് പൂർത്തിയാക്കി മത്സ്യഫെഡിന്റെ സാമ്പത്തിക പ്രശ്നങ്ങളിലും മറ്റും കർശനമായ അച്ചടക്കം പാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ സംഘങ്ങളെ കണ്ടെത്തി സഹായം നൽകുകയും പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പുനർജീവിപ്പിക്കുകയോ സമാപ്തീകരിക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യഫെഡിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യഫെഡിന്റെ ദൈനംദിന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി രജിസ്ട്രാറുടെ ഓഫീസിന്റെ ഒരു സ്ഥിരം പരിശോധനാ വിഭാഗം മത്സ്യഫെഡിന്റെ ആസ്ഥാനത്ത് തുടങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

വല നിർമ്മാണ ഫാക്ടറിയുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly